നം.ബി -2

ജോയിൻറ് കമ്മീഷണറുടെ കാര്യാലയം
സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
ടാക്സ് ടവർ, തിരുവനന്തപുരം. Ph:0471- 2785026
email: -dcthiruvananthapuram@gmail.com
തീയതി : 01/10/2022

തിരുവനന്തപുരം ജില്ലാതല ജി.എസ്.റ്റി ഫെസിലിറ്റേഷൻ കമ്മറ്റി - സെപ്റ്റംബർ - 2022 യോഗ നടപടി ക്രമങ്ങളും തീരുമാനങ്ങളും

എല്ലാ മാസവും നടത്തിവരാരുള്ള തിരുവനന്തപുരം ജില്ലാതല ജിഎസ്.ടി. ഫെസിലിറ്റേഷൻ കമ്മറ്റിയുടെ 2022 സെപ്റ്റംബർ മാസത്തെ യോഗ നടപടികൾ 16-09-2022 ഉച്ചക്ക് 2.35 ന് Google Meet -ലൂടെ ഓൺലൈനായി, ജില്ലാതല ജോയിൻറ് കമ്മീഷണർ ശ്രീമതി സുലജ ജെ .എസ്സ് ന്റെ അധ്യക്ഷതയിൽ നടത്തുകയുണ്ടായി.

പ്രസ്തുത യോഗത്തിൽ വകുപ്പുതലത്തിലും വ്യാപാരി, ജി. എസ്. ടി പ്രാക്ടീഷണർമാരുടെ സംഘടനാ തലത്തിലുമുള്ള , താഴെ പറയുന്ന പ്രതിനിധികൾ പങ്കെടുത്തു.

ജി എസ്.ടി വകുപ്പ് പ്രതിനിധികൾ

1. ശ്രീമതി ഗായത്രി പി. ജി - നോർത്ത് ഡെപ്യൂട്ടി കമ്മീഷണർ, സെൻട്രൽ ജി. എസ്. റ്റി
2. ശ്രീമതി ലെന എസ്സ് - ഡെപ്യൂട്ടി കമ്മീഷണർ , തിരുവനന്തപുരം
3. ശ്രീ.സജിത്ത് പി.എസ്സ് - ഡെപ്യൂട്ടി കമ്മീഷണർ , സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം
4. ശ്രീമതി വീണ എ.ബി- ഡെപ്യൂട്ടി കമ്മിഷണർ, സ്പെഷ്യൽ സർക്കിൾ , തിരുവനന്തപുരം.
5. ശ്രീ. സുർജിത്ത് സി.കെ, ഡെപ്യൂട്ടി കമ്മീഷണർ , ഇൻറലിജൻസ്, തിരുവനന്തപുരം
6.. ശ്രീ. മനു. ബി. - ഡെപ്യൂട്ടി കമ്മീഷണർ , ഡി സി ഓഫീസ് നെയ്യാറ്റിൻകര
7. ശ്രീ. അജിൽ കുമാർ - സ്റ്റേറ്റ് ടാക്സ് ഓഫീസർ, ഇൻറേണൽ ആഡിറ്റ് , തിരുവനന്തപുരം
8. ശ്രീ. മനേഷ് വി.കെ. അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ, ജെ സി ഓഫീസ്, തിരുവനന്തപുരം

2. വ്യാപാരി, പ്രാക്ടീഷണർ സംഘടനാ പ്രതിനിധികൾ

1. ശ്രീ. വിജയൻ ആചാരി - കേരള ടാക്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷൻ
2. ശ്രീ. വിജയൻ വൈ - കേരള വ്യാപാരി വ്യവസായി ഏകോപന സമിതി
3. ശ്രീ ഫസ്സലുദ്ദീൻ തോപ്പിൽ -ദി കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ
4. ശ്രീ കെ.ജെ. സെബാസ്റ്റ്യൻ -കേരള സിമൻറ് ഡീലേഴ്സ് അസോസിയേഷൻ
5. ശ്രീ മഹേഷ് തയ്യൂർ - ആൾ കേരള ടാക്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷൻ
6 ശ്രീ വി.കെ വർഗ്ഗീസ്- ദി കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ
7 . ശ്രീ രോഹിത്ത് നായർ - ആൾ കേരള ടൈൽസ് ആൻഡ് സാനിട്ടറി വെയർ ഡീലേഴ്സ് അസോസിയേഷൻ
8. ശ്രീ കൃഷ്ണകുമാർ - ആൾ കേരള ഡിസ്ട്രിബ്യൂട്ടർ അസോസിയഷൻസ്
9. ശ്രീ പനങ്ങോട്ടുകോണം വിജയൻ - വ്യാപാരി വ്യവസായി കോൺഗ്രസ്

യോഗ നടപടി ക്രമങ്ങളുടെ ഭാഗമായി, യോഗത്തിൽ പങ്കെടുത്ത സംസ്ഥാന - സെൻട്രൽ തലങ്ങളിൽ വകുപ്പിനെ പ്രതിനിധീകരിക്കുന്ന ഉദ്യോഗസ്ഥരെയും വ്യാപാരികളുടെയും പ്രാക്ടീഷണർമാരുടെയും പ്രതിനിധികളേയും ജോയിൻറ് കമ്മീഷണർ യോഗത്തിലേക്ക് സ്വാഗതം ചെയ്തു. കൂടാതെ മുൻമാസത്തെ യോഗത്തിൻെറ മിനിറ്റ്സിനെക്കുറിച്ചും യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളേയും നടപടികളേയുംക്കുറിച്ചും വിശദീകരിക്കുകയുണ്ടായി. ശ്രീ അജിൽ കുമാർ STO, ശ്രീ മനേഷ് വി.കെ ASTO എന്നിവർ യഥാക്രമം ജി.എസ്സ്.ടി നിയമത്തിലും സാങ്കേതിക സംവിധാനങ്ങളിലും വന്നിട്ടുള്ള ഏറ്റവും പുതിയ മാറ്റങ്ങളെക്കുറിച്ച് വിശദമായി സംസാരിക്കുകയുണ്ടായി. യോഗത്തിൽ ഉന്നയിക്കപ്പെട്ടതും ചർച്ച ചെയ്തതുമായ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

ജി.എസ്സ്.ടിയുമായി ബന്ധപ്പെട്ട സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന മറ്റ് നിയമങ്ങളിലും വന്നിട്ടുള്ള മാറ്റങ്ങളും അതുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷനുകൾ, സർക്കുലറുകൾ, വിശദീകരണങ്ങൾ മുതലായവ.

ഇക്കഴിഞ്ഞ മാസം (ആഗസ്റ്റ് 2022) ൽ 17/2022 dated 01.08.2022 എന്ന ഒരു Central Tax Notification ഉം 177/2022 മുതൽ 180/2022 വരെയുള്ള നാല് സർക്കുലറുകളുമാണ് നിലവിൽ വന്നിട്ടുള്ളത്.

നോട്ടിഫിക്കേഷൻ 17/2022 Central Tax dated 01.08.2022:-

ഇത് Notification 13/2020 Central Tax date 21.03.2020 എന്ന notification ന്റെ amendment ആണ്. ഇതു പ്രകാരം e-invoicing ന് ബാദ്ധ്യതയുള്ളവരുടെ turnover പരിധി 20 കോടിക്ക് മുകളിൽ എന്നത് 10 കോടിക്ക് മുകളിൽ എന്നാക്കി മാറ്റി. ഇത് 01.10.2022 മുതൽ ബാധകമായിരിക്കും.

Circular 177/2022 dt. 03.08.2022

GST യിൽ Service മായി ബന്ധപ്പെട്ട ചില നിരക്കുകളിലും exemption കളിലും നിലവിലുള്ള ചില ആശയക്കുഴപ്പങ്ങൾക്ക് clarification നൽകിക്കൊണ്ടാണ് ഈ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

1). 01.07.2017 മുതൽ 05.10.2021 വരെ ice-cream parlor കളിൽ നടത്തിയിട്ടുള്ള ice-cream വില്പനയുടെ നികുതി നിരക്കുമായി ബന്ധപ്പെട്ട clarification:-

നേരത്തെ Circular-164/2021 പ്രകാരം, ice-cream parlor കൾ വഴി വില്പന നടത്തുന്ന ice-cream കൾ നേരത്തെ manufacture ചെയ്ത് വച്ചിട്ടുള്ളവയായതിനാൽ, ആയത് restaurant service ൽ വരാത്തതിനാൽ 18% (with ITC) നിരക്കിലായിരിക്കും ഉൾപ്പെടുകയെന്ന് clarify ചെയ്തിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് വീണ്ടും ചില സംശയങ്ങൾ ഉയർന്നു വന്ന സാഹചര്യത്തിലാണ് ഈ സർക്കുലർ വഴി അവ clarify ചെയ്തിട്ടുള്ളത്.

ഇത് പ്രകാരം, 06.10.2021 വരെയുള്ള മുൻ case കളിൽ ice-cream ന്റെ supply 5% (without ITC) നിരക്കിലാണ് നടത്തിയിട്ടുള്ളതെങ്കിൽ ആ വില്പനയുമായി ബന്ധപ്പെട്ട GST, ഇതുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന litigation ഒഴിവാക്കുന്നതിന്റെ ഭാഗമായി പൂർണ്ണമായും അടച്ചാതായി കണക്കാക്കുന്നതാണ്. ഇത് മുൻകാലങ്ങളിൽ ice-cream വില്പനയുമായി ബന്ധപ്പെട്ട് ഇത്തരം വ്യാപാരികൾ നടത്തിയിട്ടുള്ള practice, regularize ചെയ്യുന്നതുമായി ബന്ധപ്പെട്ടെടുത്തിട്ടുള്ള തീരുമാനം മാത്രമായതിനാൽ നേരത്തെ 18% നികുതി അടച്ചിട്ടുള്ളവർക്ക് അനുവദിക്കുന്നതല്ല. കൂടാതെ 06.10.2021 മുതൽ എല്ലാ ice-cream പാർലറുകളും ice-cream ന്റെ supply നടത്തുമ്പോൾ 18% (with ITC) നിരക്കിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്.

2) Entrance Application Fee യുമായി ബന്ധപ്പെട്ട് charge ചെയ്യുന്ന ഫീസ്, Admission നുമായി ബന്ധപ്പെട്ട് നൽകുന്ന eligibility certificate issue ചെയ്യുന്നതുമായി ബന്ധപ്പെട്ട് charge ചെയ്യുന്ന ഫീസ്, migration certificate issue ചെയ്യുന്നതുമായി ബന്ധപ്പെട്ട് charge ചെയ്യുന്ന ഫീസ് എന്നിവക്കു മേലുള്ള GST യുടെ applicability.

Educational institution കൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് അവയിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന സേവനങ്ങൾ GST യിലെ Tax (Rate) Notification ആയ 12/2017 പ്രകാരം exempted ആണ്.

ഇതോടൊപ്പം തന്നെ ഒരു educational institution, entrance fee ആയി ഒരു തുക കൈപ്പറ്റിക്കൊണ്ട് entrance examination നടത്തുന്നുവെങ്കിൽ ആയതും GST യിൽ exempted ആണെന്ന് മേൽ നോട്ടിഫിക്കേഷൻ പറയുന്നു.

മേൽ പറഞ്ഞ entry പ്രകാരമുള്ള exemption താഴെ പറയുന്ന ഫീസുകൾക്കും ബാധകമാണെന്ന് ഈ സർക്കുലർ clarify ചെയ്യുന്നു.

a) ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിച്ച് കഴിഞ്ഞ വിദ്യാർത്ഥി മറ്റേതെങ്കിലും വിദ്യാഭ്യാസത്തിലേക്ക് admission നേടുന്നതിനായി eligibility certificate ലഭ്യമാകുന്നതിന് അടയ്ക്കുന്ന ഫീസ് (GST യിൽ exempted ആണ്)

b) ഒരു സ്ഥാപനത്തിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഒരു വിദ്യാർത്ഥിക്ക് അയാൾക്ക് ഇഷ്ടപ്പെട്ട University യിലോ മറ്റേതെങ്കിലും stream ലേക്കോ admission നേടുന്നതിന് അനുമതി നല്കുന്ന Certificate ആയ Migration Certificate ലഭ്യമാകുന്നതിന് അടയ്ക്കുന്ന ഫീസ് (GST യിൽ exempted ആണ്).

3) "Baled or ginned form" ലുള്ള cotton store ചെയ്യുക (warehousing) എന്ന സർവ്വീസ് Exempted Service Notification ആയ Notification 12/2017-CT (Rate) ലെ Entry 24 B യുടെ പരിധിയിൽ വരുന്നതാണോ?

18.07.2022 ന് മുൻപ് ടി നോട്ടിഫിക്കേഷനിലെ Entry 24B പ്രകാരം "Raw vegetable fibers such as cotton flax jute etc"-ന്റെ storage (ware housing) ഉമായി ബന്ധപ്പെട്ട Service exempted ആയിരുന്നു. എന്നാൽ Notification 21/2019 CT (Rate) dated 30.09.2019 പ്രകാരം ഇത് Sl. No. 24B യുടെപരിധിയിൽ വരുന്നതല്ലെന്നും (exempted അല്ലെന്നും) മറിച്ച് 18% നികുതിക്ക് വിധേയമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

4) Notification 12/2017-C (Rate) dated 28.06.2017 ലെ Sl. No.9B പ്രകാരമുള്ള entry യിൽ നേപ്പാൾ, ഭൂട്ടാൻ എന്നിവടങ്ങളിൽ നിന്ന് അങ്ങോട്ടുമിങ്ങോട്ടുമുള്ള cargo transit ഉമായി ബന്ധപ്പെട്ട service കൾ ഉൾപ്പെടുമോ?

നേപ്പാൾ, ഭൂട്ടാൻ എന്നിവിടങ്ങളിലേക്കും തിരികെയുമുള്ള transit cargo യുടെ service 29.09.2017 മുതൽ exempted ആണെന്നും, ആയതിനാൽ ഇത് Sl. No.9B യിൽ ഉൾപ്പെടുമെന്നും clarify ചെയ്യപ്പെട്ടു.

കൂടാതെ നേപ്പാൾ, ഭൂട്ടാൻ എന്നിവിടങ്ങളിൽ നിന്നും Cargo delivery കഴിഞ്ഞ് മടങ്ങി വരുന്ന empty containers ഉം transit cargo service ഉമായി ബന്ധപ്പെട്ടുള്ളതായതിനാൽ ഈ exemption ൽ ഉൾപ്പെടും.

5. Sanitation Service കളും Conservancy service (Removal and disposal of garbage)ഉം Army യ്ക്കും മറ്റ് Government departments നും വേണ്ടി നടത്തുമ്പോഴുള്ള GST applicability:-

Central government, State Government , Union territories എന്നിവ നൽകുന്ന പഞ്ചായത്ത് Act ലെ 243G പ്രകാരമുള്ള സേവനങ്ങളും, മുൻസിപ്പൽ ആക്ടിലെ 243W പ്രകാരമുള്ള സേവനങ്ങളും GST യിൽ goods ന്റെയോ സർവ്വീസിന്റെയോ supply ആയി കണക്കാക്കുന്നതല്ല. (Notification 14/2017-CT (Rate) dated 28.06.2017). ഇവ ഭരണഘടനയുടെ Schedule 11 ലും 12 ലും പ്രതിപാദിച്ചിട്ടുള്ളവയാണ്.

Indian Army യോ മറ്റ് Government Ministries ഓ, വകുപ്പുകളോ സ്വീകരിക്കുന്ന ഇത്തരം സർവ്വീസുകൾ Schedule 11 ലോ 12 ലോ ഉള്ള യാതൊരു വിധ functions ഉം ഒരു local authority, പൊതു ജനങ്ങൾക്ക് ചെയ്യുന്ന രീതിയിൽ നിർവ്വഹിക്കുന്നില്ല, എന്നതിനാൽ ആയതിനെ Notification 12/2017-CT (Rate) ലെ Sl.No. 3,3A എന്നിവയിലെ entry യുലുൾപ്പെയുത്തി exempt ചെയ്യുക സാദ്ധ്യമല്ല.

6. **Souvenir കളിൽ പരസ്യത്തിനായി space വില്ക്കുന്ന activity 5% concessional rate ന് വിധേയമാണോ?.**

(വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മത - സാമൂഹിക സാംസ്കാരിക സംഘടനകൾ club കൾ തുടങ്ങിയവ പബ്ലിഷ് ചെയ്യുന്ന souvenir കൾ) GST Council ന്റെ ശുപാർശ പ്രകാരം മേൽ വിവരിച്ച സർവ്വീസ് Entry 21 (i) ൽ [Notification 11/2017-CT (Rate) ലെ] ഉൾപ്പെടുമെന്നും 5% നികുതിയ്ക്ക് വിധേയമായിരിക്കുമെന്ന് clarify ചെയ്തു.

7. **Minerals ന്റെ mining pit head മുതൽ railway, siding benefication plant എന്നിവ വരെ ഒരു ഡ്രൈവർ ഉൾപ്പെടെ ഏർപ്പാടാക്കിയിട്ടുള്ള വാഹനത്തിൽ ഒരു പ്രത്യേക സമയ പരിധിക്കുള്ളിൽ transport ചെയ്യുന്നതിലെ taxability, tax rate എന്നിവ.**

ഇത്തരത്തിലുള്ള case കളിൽ tippers, trucks എന്നിവ mining operator ക്ക് വാടകയ്ക്ക് നൽകുകയും, ആയതിനുള്ള ഡീസലിന്റെ വില recipient തന്നെ വഹിക്കുകയും ചെയ്യുന്നു. ഇവിടെ വാഹനവും ഡ്രൈവറും, mining lease operator ക്ക് വേണ്ടി contract പ്രകാരമുള്ള സമയം വരെ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നു.

ആയതിനാൽ ഈ സർവ്വീസ് 9966 എന്ന heading ന് കീഴിൽ വരുന്ന "rental services of transportation Vehicle with operator" എന്ന Notification 11/2917-CT (Rate) Sl.No.10 ന്റെ part (iii) യിൽ ഉൾപ്പെടുമെന്നും ആയതിനാൽ ഇത്തരം Service 18% ൽ ഉൾപ്പെട്ടിരുന്നതാണെന്നും എന്നാൽ ഇത് 18/07/2022 മുതൽ 12% ആക്കി കുറച്ച് നൽകിയിട്ടുള്ളതുമാണ്.

8. **ഒരു ഭൂമിയുടെ long term lease ഉ മായി ബന്ധപ്പെട്ട premium (upfront charges) ന് പുറമേ ചാർജ് ചെയ്യപ്പെടുന്ന location charges, Preferential location charges (PLC) എന്നിവ ഇത്തരത്തിലുള്ള premium amount ന് സമാനമായ GST treatment ന് വിധേയമാണോ?.**

Notification 12/2017-CT-(Rate), entry No.41 പ്രകാരം 30-ൽ അധികം വർഷത്തേയ്ക്ക് Industrial plots/plots for development long term lease ന് സംസ്ഥാന സർക്കാരുകളോ, development corporations ഓ 20% ൽ അധികം കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കോ , കേന്ദ്ര ഭരണ പ്രദേശങ്ങൾക്കോ ഉടമസ്ഥാവകാശമുള്ള entity കളോ lease (പാട്ടം) ന് നൽകുമ്പോൾ സ്വീകരിക്കുന്ന പാട്ടതുകയായ upfront amount (premium, Salami, Cost price, development charges) exempted ആണ്.

Location charges, Preferential location charges (PLC) എന്നിവ lease premium (for long term lease) നോടൊപ്പം charge ചെയ്യുമ്പോൾ ആയവ upfront charges ന്റെ ഭാഗമായി കണക്കാക്കുവുന്നതിനാൽ ആയതിനെയും Sl. No. 41 ൽ ഉൾപ്പെടുത്താവുന്നതാണെന്ന് clarify ചെയ്തു. ആയതിനാൽ ഇവ exempted supply ആയി കണക്കാക്കുന്നതാണ്.

9. Guest Anchors ന്റെ honorarium ന് മേലുള്ള GST യുടെ applicability

ചില TV Channel കളിൽ Guest anchors ന് ലഭിക്കുന്ന honorarium ത്തിൽ GST ഉൾപ്പെടുത്തണമെന്ന് anchor service നൽകുന്നവർ ആവശ്യപ്പെടുന്നതായും ആയതിനാൽ അത് സംബന്ധിച്ച് clarification വേണമെന്നും ആവശ്യം ഉയർന്ന് വന്നിട്ടുള്ളതുമാണ്. ആയതിനെ താഴെ പറയുന്ന രീതിയിൽ ഈ സർക്കുലർ clarify ചെയ്യുന്നു.

ഒരു സാധനത്തിന്റെയോ സേവനത്തിന്റെയോ വിനിമയം "exempt" അല്ലാതിരിക്കുകയും അതിനെ "neither a supply of goods nor a supply of service" എന്ന് declare ചെയ്യാതിരിക്കുകയുമാണെങ്കിൽ അതൊരു Taxable supply ആയിരിക്കും. Guest anchors ന് honorarium ആയി ലഭിക്കുന്ന തുക GST യ്ക്ക് വിധേയമാണ്. എന്നാൽ Guest anchor ആയി വരുന്നയാളുടെ ഒരു സാമ്പത്തിക വർഷത്തെ turnover 20 ലക്ഷത്തിൽ താഴെ ആയിരുന്നാൽ അയാൾക്ക് GST registration എടുക്കുവാനും GST അടയ്ക്കുവാനും ബാദ്ധ്യതയില്ല.

10. Toll Plaza കളിൽ fastag ഇല്ലാതെ കടന്ന് വരുന്ന വാഹനങ്ങളിൽ നിന്നും collect ചെയ്യുന്ന higher toll charges GST യിൽ exempted ആണോ?.

Notification 12/2017-CT (Rate) dated 28.06.2017 ലെ entry 23 പ്രകാരം ഒരു പാലമോ റോഡോ ഉപയോഗിക്കുന്നതിനുള്ള സർവ്വീസ് ചാർജ്ജ് ആയി നൽകുന്ന toll charges നെ GST യിൽ നിന്നും exempt ചെയ്തിട്ടുണ്ട്.

നേരെത്തെ over loading charges ഉ മായി ബന്ധപ്പെട്ട് ഇത്തരത്തിൽ അധികമായി പിരിക്കുന്ന toll charges, യഥാർത്ഥ toll charges ന്റെ ഭാഗമായതിനാൽ ആയതിനെ toll charges ആയി കണക്കാക്കി exempt ചെയ്തിരുന്നു. (Circular 164/21).

ആയതിനാൽ മേൽ വിവരിച്ച fastag ഇല്ലാത്ത വാഹനങ്ങളിൽ നിന്ന് പിരിക്കുന്ന അധിക toll charges നെയും toll charges ആയിത്തന്നെ കണക്കാക്കി exempt ചെയ്യാവുന്നതാണ്.

11. Assisted reproductive Technology (ART)/ In vitro Fertilization (IVF) എന്നിവയിലെ GST യുടെ applicability

In Vitro Fertilization (IVF) പോലുള്ള Assisted Reproductive Technologies (ART) ന്റെ GST applicability യെ സംബന്ധിച്ച് നിരവധി സംശയങ്ങൾ ഉയർന്നതിനെ തുടർന്നുള്ള clarification ആണിത്.

Notification 12/2017 ലെ Sl. No.74 പ്രകാരം ഒരു authorized medical practitioner, clinical establishment para-medics എന്നിവ നൽകുന്ന സർവ്വീസ് exempted ആണ്.

In vitro Fertilization (IVF) പോലുള്ള Assisted Reproductive Technologies (ART) എന്നത് വന്ധ്യത (Infertility) ചികിത്സയ്ക്കായുള്ളതായതിനാൽ ആയത് Health Care Services ൽ ഉൾപ്പെടുമെന്നും, GST യിൽ ആയത് exempted ആയിരിക്കുമെന്നു ഈ നോട്ടിഫിക്കേഷൻ വഴി clarify ചെയ്യുന്നു.

12. ഭൂമി level ചെയ്ത് drainage lines ഇട്ട് വില്പന നടത്തുമ്പോൾ ആയത് GST യിൽ നികുതി വിധേയമാണോ?.

GST Act ലെ Schedule (III) ലെ Sl.No. (5) പ്രകാരം "Sale of land" എന്നത് goods ന്റെയോ service ന്റേയോ supply യിൽ ഉൾപ്പെടുന്നില്ല.

ഭൂമി കൈവശമുള്ള ഒരാൾക്ക് അതിനെ അതേ രീതിയിലും , അതിൻമേൽ leveling, laying drainage lines, water lines, electricity lines എന്നീ development activities ചെയ്ത ശേഷവും വിൽക്കാവുന്നതാണ് . ഇത്തരത്തിലുള്ള ഭൂമിയുടെ വിൽപ്പനയും GST Act ലെ Schedule III പ്രകാരമുള്ള ഭൂമിയുടെ വില്പനയായിത്തന്നെ കണക്കാക്കുന്നതാണ്.

എന്നാൽ അത്തരത്തിലുള്ള ഭൂമിയുടെ മേൽ ഏതെങ്കിലും തരത്തിലുള്ള leveling, drainage പൈപ്പിടൽ തുടങ്ങിയ development service കൾ നടത്തുമ്പോൾ അത്തരം service ന്റെ GST നിരക്കനുസരിച്ച്, ആയത് (സർവ്വീസ്) GST യ്ക്ക് വിധേയമായിരിക്കും.

13.ഏതെങ്കിലുമൊരു firm അതിന്റെ employees നെ ജോലിസ്ഥലത്തുനിന്നും അങ്ങോട്ടുമിങ്ങോട്ടും കൊണ്ടുപോകുന്നതിന് Radio taxi ഒഴികെയുള്ള ഒരു non air-conditional contract carriage വാടകയ്ക്കെടുത്ത് ഉപയോഗിക്കുകയാണെങ്കിൽ ആയത് Notification 12/2017 ലെ Sl. No. 15 (b) പ്രകാരം exempt ആയിരിക്കുമോ?

Notification 12/2017 ലെ Sl. No. 15(b) പ്രകാരം tourism conducted tour/charter/hire ഒഴികെ passengers നെ (with or without accompanied belonging) exempt ചെയ്തിട്ടുണ്ട്.

ഇവിടെ charter/hire എന്നത്കൊണ്ട് അർത്ഥമാക്കുന്നത് charter/hire of motor vehicle ഒരു പ്രത്യേക കാലത്തേക്കായിരിക്കുകയും വാഹനം എപ്പോൾ എങ്ങനെ operate ചെയ്യണമെന്ന് renter ആണ് തീരുമാനിക്കുക എന്നതുമാണ്.

മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇത്തരം exemption applicable ആകുന്നത് താഴെ പറയുന്ന സാഹചര്യത്തിലാണ്.

ഒരു non air conditioned contract carriage നടത്തുന്ന passenger service (falls under head 9964), മുൻകൂട്ടി തീരുമാനിച്ച root ൽ, മുൻകൂട്ടി schedule ചെയ്തിട്ടുള്ള രീതിയിൽ operate ചെയ്യുമ്പോൾ അത്തരം സർവ്വീസ് exempted ആയിരിക്കും.

എന്നാൽ contract carriage ഒരു period or time ലേക്ക് hire ചെയ്തിരിക്കുകയും, ഈ കാലയളവിൽ contract carriage, service recipient ന്റെ control ൽ ആയിരിക്കുകയും അയാൾക്ക് സ്വതന്ത്രമായി വാഹനത്തിന്റെ കാര്യത്തിൽ തീരുമാനമെടുക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുകയും (റൂട്ടും, ഷെഡ്യൂളും) ചെയ്താൽ മേൽ വിവരിച്ച exemption അനുവദനീയവുമല്ല.

14. Passengers ന്റെ transportation നു വേണ്ടി design ചെയ്തിട്ടുള്ള motor vehicle ഒരു body corporate rent ന് എടുക്കുമ്പോൾ body corporate ന് GST അടയ്ക്കുന്നതിനുള്ള liability വരുന്ന അവസരം.

ഒരു non body corporate ഒരു body corporate ന് passengers ന്റെ transportation നു വേണ്ടി ഒരു motor vehicle വാടകയ്ക്ക് നല്കുമ്പോൾ body corporate ന് RCM ൽ നികുതി അടയ്ക്കുന്നതിനുള്ള ബാധ്യതയുണ്ട് . എന്നിരുന്നാലും ഒരു body corporate ഒരു പ്രത്യേക യാത്രയ്ക്കായി വാടകയ്ക്കെടുത്തുപയോഗിക്കുന്ന passenger service ൽ വാഹനം ഒരു പ്രത്യേക period ലേക്ക് വാടകയ്ക്കെടുത്തിട്ടുള്ളതല്ലെങ്കിൽ അത്തരം സവ്വീസ് 9964 എന്ന

heading ന് കീഴിൽ വരുന്നതായിരിക്കും . അത്തരം service സ്വീകരിക്കുമ്പോൾ body corporate RCM ൽ GST അടയ്ക്കേണ്ടതില്ല.

15. ഒരു Diary plant ന്റെ construction ഉമായി ബന്ധപ്പെട്ട service ന്റെ supply (Construction installation,commissioning) on turn key basis എന്നത് work contract service ന്റെ Composite supply ആണോ? ഈ service 18.07.2022 ന് മുൻപ് concessional rate ന് വിധേയമായിരുന്നോ?

ഒരു diary plant ന്റെ Construction installation, commissioning എന്നിവ ഉൾപ്പെടുന്ന സർവ്വീസ് supply of works contract ആണെന്ന് clarify ചെയ്തിരിക്കുന്നു.

അത് പോലെ ഇത്തരത്തിലുള്ള works contract service Notification 11/2017 ലെ sl. No. 3(V) (f) പ്രകാരം 28.06.2022 വരെ 12% concessional rate ന് വിധേയമായിരുന്നു. എന്നാൽ 18.07.2022 മുതൽ Tax Rate Notification 03/2022 പ്രകാരം അത് 18%ആക്കി മാറ്റിയിട്ടുണ്ട്.

16. Passenger transportation ന് വേണ്ടി ഉപയോഗിക്കുന്ന private ആയിട്ടുള്ള ferry യുടെ ടിക്കറ്റിനു മേലുള്ള GST യുടെ applicability.

Notification 12/2017–CT(Rate) dated 28.06.2017 പ്രകാരം ഒരു public transport നായി മുഖ്യമായും tourism purpose ന് അല്ലാതെ നടത്തുന്ന ഇന്ത്യക്കകത്തു തന്നെയുള്ള പ്രദേശങ്ങൾക്കിടയിലെ യാത്രക്കുള്ള ഒരു vessel ticket exempted ആണ്. ഇത്തരത്തിലുള്ള ticket നിരക്കിലുള്ള exemption, ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് private sector enterprise നടത്തുന്ന സർവ്വീസിലും, Government/PSU നടത്തുന്ന സർവ്വീസിലും ടിക്കറ്റ് നിരക്കിനുമേൽ ബാധകമാണ്.

ഇവിടെ "Public Service" എന്ന exemption notification ലെ പ്രയോഗം, ഗവൺമെന്റ് നടത്തുന്ന സർവ്വീസ് എന്ന അർത്ഥത്തിലല്ല മറിച്ച് പൊതു ജനങ്ങൾക്കുള്ള സർവ്വീസ് എന്ന രീതിയിൽ ഉപയോഗിച്ചിട്ടുള്ളതെന്നും , ആയതിനാൽ private vessel ആയിരുന്നാലും Government/PSU ഉടമസ്ഥതയിലുള്ള vessel ആയിരുന്നാലും ടിക്കറ്റ് നിരക്കിലുള്ള exemption ബാധകമാണെന്ന് clarify ചെയ്യുന്നു.

Circular 178/2022 dated 03.08.2022

Applicability on liquidated damage compensation and penalty arising out of breach of contract or other provisions.

GST Act ലെ Schedule II ലെ Para 59(e) പ്രകാരം താഴെ പറയുന്ന പ്രവൃത്തികൾ supply യുടെ പരിധിയിൽ വരുന്നതാണ്.

1. Agreeing to the obligation to refrain from an Act.
2. Agreeing to the obligation to tolerate an Act or situation.
3. Agreeing to obligation to do an Act.

1) Agreeing to the obligation to refrain from an Act:-

ഇതിന് ഉദാഹരണം രണ്ട് party കൾ തമ്മിൽ ഉണ്ടാക്കുന്ന ഒരുagreement-ൽ party വില്പന നടത്തുന്ന ഒരു പ്രത്യേക product രണ്ടാമത്തെ party ഒരു പ്രത്യേക Geographical area യിൽ വില്പന നടത്തില്ല എന്ന condition വെയ്ക്കുക. ഇതിനായി രണ്ടാമത്തെ party ക്ക് "refrain from the Act of selling the product in a particular area" എന്ന condition പാലിക്കുന്നതിന് ഒരു consideration (പ്രതിഫലം) നൽകുന്നു.

മറ്റൊരു ഉദാഹരണം, ഒരു builder, local authorities- ൽ നിന്നും 30 നില കെട്ടിടം കെട്ടുന്നതിനുള്ള permit വാങ്ങി work നടന്നുകൊണ്ടിരിക്കുമ്പോൾ തൊട്ട് പുറകിലെ ഇത്തരത്തിലുള്ള ഒരു project ലേയ്ക്ക് സൂര്യപ്രകാശം ലഭിക്കുന്നതിന് തടസ്സമുണ്ടാകുന്നതിന്റെ പേരിൽ , പുറകിലുള്ള builder മുൻഭാഗത്തുള്ള builder ക്ക് 30 നില കെട്ടുകയെന്ന പ്രവൃത്തി ചെയ്യാതിരിക്കുകയോ , അത് 10 നിലയായി കുറയ്ക്കുന്നതിനോ ഒരു consideration നൽകികൊണ്ട് agreement ഉണ്ടാക്കുക.

ഒരു വ്യവസായ സ്ഥാപനം ഒരു School ന് സമീപം പ്രവർത്തിക്കുമ്പോൾ School authorities ഒരു consideration നൽകി കൊണ്ട് ഉല്പാദന പ്രക്രീയയിൽ നിന്ന് school hours-ൽ noice disturbance ഉണ്ടാകാതിരിക്കുന്നതിനായി manufacturing process നടത്താതിരിക്കുന്നതിനായി (Refrain From an Act) agreement ഉണ്ടാക്കുക.

2) Agreeing to tolerate an Act:-

ഒരു കച്ചവടക്കാരൻ മറ്റൊരു footpath വില്പനക്കാരനെ തന്റെ കടയുടെ മുന്നിലുള്ള നടപ്പാതയിൽ അയാളിൽ നിന്നും മാസം ഒരു തുക consideration ആയി വാങ്ങി കൊണ്ട് കച്ചവടത്തിന് സമ്മതിക്കുക.

ഒരു Residential complex ന് തൊട്ടടുത്ത് പ്രവർത്തിക്കുന്ന school അവരുടെ പ്രാർത്ഥനയ്ക്കും മറ്റും ഉപയോഗിക്കുന്ന loud speaker -ൽ നിന്നുള്ള ശബ്ദം tolerate ചെയ്യുന്നതിനായി ആ complex ന്റെ Welfare Association ന് compensation ആയി അവർ സമ്മതിച്ചുറപ്പിച്ച തുക നൽകുന്ന പ്രക്രിയ.

3) Agreeing to the obligation to do an Act:-

ഒരു Residential complex ന് സമീപം പ്രവർത്തിക്കുന്ന ഒരു industrial unit, pollution board ന്റെ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടായിരിക്കും പ്രവർത്തിക്കുന്നത് . എന്നാൽ legally permissible ആയിട്ടുള്ള ഏതെങ്കിലും തരത്തിലുള്ള emission / discharge (Zero emission) തടയുന്നതിനുള്ള ഒരു equipment, ടി industrial unit ആ residential complex ലെ Residential Welfare association ന്റെ ആവശ്യ പ്രകാരം അവരിൽ നിന്നും ഒരു consideration വാങ്ങി സ്ഥാപിക്കുമ്പോൾ അതാ "agreeing to the obligation to do an Act" ൽ പെടുന്നു.

ഇവിടെ "agreeing to the obligation to refrain from an Act or tolerate an Act or a situation or to do an Act" എന്നത് മേൽ വിവരിച്ച തരത്തിലുള്ള service കൾ supply ആയി കണക്കാക്കി നികുതി വിധേയമാക്കുന്നതിമായി ബന്ധപ്പെട്ടുള്ളതാണ്.

എന്നാൽ ഇതിൽ ഉൾപ്പെടുന്ന GST യ്ക്ക് വിധേയമാകുന്നതും സംശയങ്ങൾ നിലനിൽക്കുന്നതുമായ ചില service കൾ താഴെ പറയുന്നവയാണ്.

I. Liquidated damages paid for breach of contract;

ii. Compensation given to previous allottees of coal blocks for cancellation of their licenses pursuant to Supreme Court Order;

iii. Cheque dishonour fine/penalty charged by a power distribution company from the customers;

iv. Penalty paid by a mining company to State Government for unaccounted stock of river bed material;

v. Bond amount recovered from an employee leaving the employment before the agreed period;

vi. Late payment charges collected by any service provider for late payment of bills;

vii. Fixed charges collected by a power generating company from State Electricity Boards (SEBs) or by SEBs/DISCOMs from individual customer for supply of electricity;

viii. Cancellation charges recovered by railways for cancellation of tickets, etc

ഇവയുടെ taxability സംബന്ധിച്ച് ചില Tax authorities investigation ആരംഭിച്ചിട്ടുള്ളതും ചില case കളിൽ Advance ruling authorities taxability ഉള്ളതായി തീരുമാനിച്ചിട്ടുള്ളതുമാണ്. ഇത്തരം transaction കളുടെ മേലുള്ള taxability discuss ചെയ്ത് ആയവയ്ക്ക് clarification വരുത്തുന്നതിന് വേണ്ടിയാണ് ഈ notification.

1. <u>Liquidation damages paid for breach of contract:-</u>

ഒരു Contract ലെ വ്യവസ്ഥകളുടെ breach (ലംഘനം), contract ൽ ഏർപ്പെട്ടിരിക്കുന്ന ഒരു party യുടെ ഭാഗത്ത് നിന്നുണ്ടാകുമ്പോൾ അത് മറ്റേ party യ്ക്ക് damage ഉണ്ടാക്കുന്നു. ഇത്തരത്തിലുള്ള breach ഉണ്ടാകുമ്പോൾ affected party യ്ക്ക് എതിർ പാർട്ടി compensation നൽകേണ്ടതായിരുന്നു. ഈ compensation ഇതുമായി ബന്ധപ്പെട്ട contract ൽ പ്രതിപാദിച്ചിരിക്കും. ഇത്തരത്തിലുള്ള written contract ൽ പ്രതിവാദി ഏതെങ്കിലും തരത്തിലുള്ള breach ഓ, Non performance of the contract ഓ ഉണ്ടായാൽ നൽകേണ്ടി വരുന്ന compensation ആണ് liquidated damages എന്നറിയപ്പെടുന്നത്.

ഇവിടെ liquidated damages എന്നതിനെ എതിർ party യുടെ breach or non-performance of contract tolerate ചെയ്യുന്നതിനായി ലഭിക്കുന്ന consideration ആയി കണക്കാക്കുവാൻ സാധിക്കില്ല. Payment of liquidate damage എന്നത് contract ന്റെ performance ensure ചെയ്യുന്നതിന് വേണ്ടിയുള്ളതാണ്. ഇതൊരിക്കലും contract ന്റെ breach ന് ഒരു പരിഹാരമാകുന്നില്ല. ഈ തുക വാങ്ങുന്നയാൾ തുക വാങ്ങിക്കൊണ്ട് breach of contract ന്റെ അനന്തര ഫലം അനുവദിച്ചുകൊണ്ട് മറ്റു party യെ contract പ്രകാരമുള്ള conditions ൽ നിന്ന് പിന്നോട്ടു പോകാൻ ഒരിക്കലും അനുവദിക്കുന്നതല്ല.

ഇതിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത് liquidated damage എന്നത് ഒരു contract ന്റെ breach ന്റെ ഫലമായി affected party ക്കുണ്ടായ injury/loss/damage, എന്നിവ compensate ചെയ്യുന്നതിനുള്ള ഒരു payment ആണ് എന്നതാണ്. ഇവിടെ aggrieved party, liquidated damages സ്വീകരിച്ചുകൊണ്ട് നേരത്തെ അവർ തമ്മിലുണ്ടാക്കിയ contract ന് breach സംഭവിക്കുകയാണെങ്കിൽ ആയത് liquidated damage സ്വീകരിച്ചുകൊണ്ട് tolerate ചെയ്യാൻ തയ്യാറാണെന്ന contract ഉണ്ടാക്കിയിട്ടുമില്ല. ഇവിടെ liquidated damage എന്നത് contract breach ചെയ്ത party യിൽ നിന്നും ആയത് suffer ചെയ്ത party യിലേക്കുള്ള കേവലം ഒരു flow of മാത്രമാണെന്നും അത്തരം payment ഒരു supply ക്കെതിരെയുള്ള ഒരു consideration ആയി കണക്കാക്കുവാൻ സാധിക്കില്ലെന്നും ആയതിനാൽ ആയത് taxable അല്ലെന്നും clarify ചെയ്യപ്പെട്ടു.

<u>2. Compensation for cancellation of coal blocks:-</u>

2014 ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി അനുസരിച്ച് coal blocks/mine allocate കൊടുക്കുന്ന system 24.09.2014 മുതൽ അവസാനിപ്പിച്ചു. തുടർന്ന് coal mines (special provisions) Act 2015 നിലവിൽ വരികയും ഇതിലെ provisions പ്രകാരം coal mines ന്റെ allocation, coal mine കൾക്ക് മേലുള്ള right title, lease of mines to the successful bidders എന്നിവ provide ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ വന്നു.

ഈ ആക്ടിലെ Section 16 പ്രകാരം ഇത്തരം coal mine കളുടെ മുൻ allotees ന് 2016 ൽ compensation നല്കി. അത്തരക്കാരിൽ നിന്നും mine കളുടെ മേലുള്ള rights/title, in the land, mine infrastructure, geographical reports concents, approval എന്നിവ പുതിയ entity(successful bidder in auction)ക്ക് ബഹു. Supreme Court ഉത്തരവു പ്രകാരം കൈമാറിയിട്ടുള്ളതുമാണ്.

ഇവിടെ prior allotees അവർക്ക് Government നൽകുന്ന compensation വാങ്ങിച്ചുകൊണ്ട് അവർക്ക് നല്കിയിട്ടുള്ള coal block allocation cancel ചെയ്യുമ്പോളുണ്ടാകുന്ന harm tolerate ചെയ്യാമെന്ന് യാതൊരു വിധ agreement ഉം Government ഉമായി ഉണ്ടാക്കിയിട്ടില്ല. എന്നാൽ സുപ്രീം കോടതി വിധി പ്രകാരം ഈ compensation വാങ്ങിച്ചുകൊണ്ട് ടി cancellation accept ചെയ്യുക എന്ന option മാത്രമാണ് pre-allotees ന് മുന്നിലുള്ളത്. ആയതിനാൽ ഇത്തരത്തിലുള്ള cancellation of cold blocks ഉമായി ബന്ധപ്പെട്ട് pre-allotees ന് നല്കിയിട്ടുള്ള compensation, മുൻകൂട്ടിയുള്ള കരാർ പ്രകാരം അല്ലാതെ, ബഹു. സുപ്രീം കോടതിയുടെ വിധി പ്രകാരം നല്കപ്പെട്ടിട്ടുള്ളതായതിനാൽ, ആയത് GST യിൽ നികുതി വിധേയമല്ലെന്ന് clarify ചെയ്യപ്പെട്ടു.

3. Cheque dishonour- fine /penalty:-

ഒരു supplier ഉം തന്നെ തനിക്ക് ലഭിച്ച cheque dishonor ആകണമെന്ന് ആഗ്രഹിക്കില്ല. ഇത്തരത്തിൽ ഒരു cheque dishonor ആയതുമായി ബന്ധപ്പെട്ട്, supplier ഓ ബാങ്കോ ചുമത്തുന്ന fine/penalty എന്നത് ആ situation ഓ Act ഓ tolerate ചെയ്യുന്നതിനുള്ള consideration എന്ന നിലയിലല്ല മറിച്ച് ചെക്ക് നല്കിയ ആളിനെ penalize ചെയ്യുന്നതിലൂടെ ഇത്തരത്തിലുള്ള പ്രവൃത്തിയെ നിരുത്സാഹപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് . ആയതിനാൽ cheque dishonor ഉമായി ബന്ധപ്പെട്ട fine, penalty എന്നിവ ഏതെങ്കിലുമൊരു service ന് മേലുള്ള consideration അല്ല. ആയതിനാൽ GST യിൽ നികുതി രഹിതവുമാണ്.

4.Penalty imposed for Violation of Laws

നിയമങ്ങൾ ലംഘിക്കപ്പെടുമ്പോൾ സർക്കാർ നിയമ ലംഘകരുടെ മേൽ ചുമത്തുന്ന penalty/fine എന്നിവ പ്രസ്തുത നിയമങ്ങൾ ലംഘിക്കുന്നത് Government tolerate ചെയ്യുന്നതിനുള്ള consideration ആയി കണക്കാക്കി നികുതി വിധേയമാക്കാമോ എന്നതാണ്

ഒരു നിയമവും തന്നെ frame ചെയ്തിരിക്കുന്നത് അത്തരം നിയമത്തിന്റെ violation tolerate ചെയ്യുന്നതിനു വേണ്ടിയല്ല, മറിച്ച് പാലിക്കപ്പെടുന്നതിനു വേണ്ടിയാണ്.

നേരത്തെ service tax circular 192/2016 dated 13.04.2016 പ്രകാരം ഒരു നിയമം ലംഘിക്കപ്പെടുന്നതിന് സർക്കാർ ചുമത്തുന്ന fine/penalty നികുതി വിധേയമല്ലെന്ന് clarify ചെയ്തിരുന്നു. പ്രസ്തുത clarification ഇവിടെയും ബാധകമാണെന്ന് clarify ചെയ്യപ്പെട്ടു.

5. Forfeiture of Salary or Payment of Bond Amount in the Event of the Employee Leaving the Employment Before the Minimum Agreed Period:-

ഒരു Employee യെ recruit ചെയ്യുന്നതിനും തുടർന്ന് training നടത്തിയും അത്തരത്തിലുള്ള Employee യെ ജോലിക്കായി നിയോഗിക്കുമ്പോൾ recruit ചെയ്യപ്പെട്ട Employee ഒരു നിശ്ചിത minimum period ലേക്ക് അവിടെ ജോലി ചെയ്യണമെന്ന നിബന്ധന Employer വെക്കാറുണ്ട്. ഈ കാലാവധിക്കു മുൻപ് ജോലി ഉപേക്ഷിച്ചു പോകുന്ന ആ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കുകയും അനിശ്ചിതമായ ഒരു അവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ minimum period നു മുൻപ് pre mature leaving നടത്തുന്ന Employees ഇത്തരത്തിലുള്ളവരിൽ നിന്നും salary, forfeit ചെയ്യുക , bond amount recover ചെയ്യുക തുടങ്ങിയ നടപടികൾ employment contract ൽ incorporate ചെയ്യാറുണ്ട്.

ഇത്തരത്തിലുള്ള amount Employer collect ചെയ്യുന്നത് ഇത്തരത്തിലുള്ള pre mature leaving tolerate ചെയ്യുക എന്ന Act ന്റെ ഭാഗമായിട്ടല്ല, മറിച്ച് ഇത്തരത്തിലുള്ള non series ആയിട്ടുള്ള Employees നെ നിരുത്സാഹപ്പെടുത്തുന്നതിനുള്ള ഒരു penalty എന്ന നിലയ്ക്കാണ്. കൂടാതെ Employee നല്കുന്ന തുകയ്ക്ക് ബദലായി Employer ൽ നിന്നും ഒന്നും തന്നെ ലഭിക്കുന്നുമില്ല. ആയതിനാൽ Employer ക്ക് ലഭിക്കുന്ന ഈ തുക GST യിൽ നികുതി വിധേയമല്ലെന്ന് clarify ചെയ്തു.

6. Compensation for not Collecting Toll Charges

Demonetization നുമായി ബന്ധപ്പെട്ട് toll operators നോട് 08.11.2016 മുതൽ 01.12.2016 വരെ toll road കൾ വഴി free നല്കുവാൻ Ministry of Road Transport and Highways നിർദ്ദേശം നല്കുകയുണ്ടായി. ഇതിനായി toll operators നുള്ള re-imbursement, average monthly collection കണക്കാക്കി നല്കുവാൻ തീരുമാനിച്ചു. ഇവിടെ ഉയർന്നു വന്ന സംശയം ഈ period ലേക്ക് toll collection suspend ചെയ്തതുമായി ബന്ധപ്പെട്ട് നല്കുന്ന compensation "Agreeing to refrain from collection of toll from users" എന്ന നിലയിൽ GST വിധേയമാണോ എന്നതാണ്.

Service Tax Circular 212/2019 പ്രകാരം toll operators നല്കുന്ന service എന്നത് road, bridge എന്നിവ ഉപയോഗിക്കുന്നതിനുള്ള access നല്കുക എന്നതാണെന്നും, toll charges എന്നത് അതിനു വേണ്ടി നല്കുന്ന consideration ആണെന്നും clarify ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ച period ലെ toll collection suspend ചെയ്തിരുന്ന സമയത്തും roads ഉം bridges ഉം assess ചെയ്യുന്ന പ്രക്രിയ തുടരുകയും എന്നാൽ users ൽ നിന്നും consideration ലഭിക്കുന്നതിനു പകരം project authority യിൽ നിന്നും അത് ലഭിച്ചുകൊണ്ടിരുന്നതിനാൽ ഇവിടെ നല്കി വന്നിരുന്ന service ന് യാതൊരു വിധ മാറ്റവുമുണ്ടായിട്ടില്ലാത്തതിനാൽ ഇത്തരത്തിൽ നല്കിയ compensation GST ക്ക് വിധേയമാണെന്ന് clarify ചെയ്യപ്പെട്ടു.

7. Late Payment Surcharge Fee:-

ഏതെങ്കിലും തരത്തിലുള്ള ഒരു late payment, പലിശ വാങ്ങിക്കൊണ്ടോ late payment fee വാങ്ങിക്കൊണ്ടോ fine ഓ, penalty യോ വാങ്ങിക്കൊണ്ടോ സ്വീകരിക്കുക എന്നത് supplier അനുവദിക്കുന്ന ഒരു സൗകര്യം ആണ്. ഇത് main supply യുമായി naturally bundled ആയി നല്കുന്ന ഒരു facility ആണ്. ഏതാണ്ട് എല്ലാ service providers ഉം (water supply, electricity, tele communication services etc) ഉം ഇത്തരത്തിൽ fine നോ penalty യോ പറ്റിക്കൊണ്ട് late payments സ്വീകരിക്കുന്നവരാണ്. ഇതിനെ late payment tolerate ചെയ്യുന്നതിനുള്ള ഒരു Act ആയി കണക്കാക്കാമെങ്കിലും, ഇതൊരു principal supply യോടൊപ്പം naturally bundled ആയി നല്കുന്ന ഒരു ancillary supply ആയതിനാൽ ആയത് principal supply യോടൊപ്പം assess ചെയ്യപ്പെടുന്നതിനാൽ principal supply യുടെ അതേ rate of tax ഇതിനും ബാധകമായിരിക്കുമെന്ന് clarify ചെയ്യപ്പെടുന്നു.

8. Cancellation Charges:-

നേരത്തെ contract ചെയ്യപ്പെട്ട hotel accommodation , ഒരു entertainment event, ഒരു യാത്ര എന്നിവ പോലുള്ള service കൾ customer cancel ചെയ്യുന്ന സാഹചര്യമുണ്ടാകാറുണ്ട്. ഇത്തരം അവസരങ്ങളിൽ supplier, customer ൽ നിന്നും ഒരു cancellation fee ഈടാക്കിക്കൊണ്ട് cancellation അനുവദിക്കാറുണ്ട്. ഇവിടെ supplier, customer ൽ നിന്നും security deposit ഓ earnest money deposit ഓ ആയി collect ചെയ്തിട്ടുള്ള

തുകയുടെ ഒരു ഭാഗം cancellation charges ആയി forfeit ചെയ്ത ശേഷം ബാക്കി തുകയായിരിക്കും തിരികെ നല്കുക.

ഈ cancellation fee എന്നതിനെ പ്രസ്തുത സർവ്വീസ് നൽകുന്നതിനുള്ള arrangement കൾ ചെയ്തതുമായി ബന്ധപ്പെട്ട ചെലവുകളും, cancellation നടത്തുന്നതുമായി ബന്ധപ്പെട്ട ചെലവുകളും ഉൾപ്പെട്ട ഒരു ചാർജ്ജ് ആയി കണക്കാക്കാവുന്നതാണ്.

Transportation, travel and tour എന്നീ service കൾ ഒരു bundle of service ആയി കണക്കാക്കാവുന്നതാണ്. ഉദാഹരണമായി transportation service എന്നത് ticket book ചെയ്യുന്നതു മുതൽ passenger യാത്ര അവസാനിപ്പിക്കുന്നത് വരെ നീണ്ട് നിൽക്കുന്ന ഒരുprocess ആണ്. ഇവിടെ online portal ൽ booking നുള്ള സൗകര്യം അഥവാ booking counter ഉം അതുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ബുക്ക് ചെയ്യുന്നവർ prefer ചെയ്യുന്ന seat തന്നെ മറ്റ് പ്രതിഫലം വാങ്ങിയോ, കൂടാതെയോ അനുവദിച്ചു നൽകുക, Airport ലോ, railway station ലെ lounge, waiting room എന്നീ സൗകര്യമൊരുക്കുക, ഇത്തരം സ്ഥലങ്ങളിൽ basic toiletries, soap എന്നീ സൗകര്യങ്ങൾ ഒരുക്കുക, drinking water provide ചെയ്യുക തുടങ്ങിയവ ഈ സർവ്വീസുമായി ബന്ധപ്പെട്ട് ഒരു parcel ആയി നൽകുന്ന service ആണ്. ഇവ passenger Transport എന്ന service ന്റെ various elements ആണ്. ഇത്തരം payment ന്റെ cancellation അനുവദിക്കുക എന്നത് ഇത്തരം service ന്റെ bundle ലെ natural part ആണ്. ഈ service ഓരോ supplier ഉം transportation service നോടൊപ്പം naturally bundled ആയി principal supply ആയ transportation നോടൊപ്പം നൽകുന്ന service ആണ്. അതിനാൽ " supply of allowing cancellation of an intended supply against payment of cancellation fee or retention or forfeiture as a part or whole of the consideration or security deposit" എന്നത് principal supply യുടെ അതേ രീതിയിൽ assessable ആണ്.

എന്നിരുന്നാലും മുൻ ഖണ്ഡികകളിൽ പ്രതിപാതിച്ചിരുന്ന" Forfeiture of segment money by a seller in case of breach of an agreement to sell or forfeiture of Government or local authority in the event of successful bidder failing to act after winning the bid" എന്നതിൽ forfeit ചെയ്ത തുക breach of contract, tolerate ചെയ്യുന്നതിനുള്ള consideration ആയി കണക്കാക്കുന്നതല്ല, മറിച്ച് non serious ആയിട്ടുള്ള buyers യും holders നേയും നിരുത്സാഹപ്പെടുത്തുന്നതിനുള്ള ഒരു penalty ആയിട്ടായിരിക്കും കണക്കാക്കുക. ആയതിനാൽ അത്തരം forfeiture ഉമായി ബന്ധപ്പെട്ട consideration GST യ്ക്ക് വിധേയമല്ല.

Circular 179/2022 dated 03.08.2022

47–ാം GST Council Recommendation ന്റെ വെളിച്ചത്തിൽ താഴെ പറയുന്ന clarification കൾ പുറപ്പെടുവിക്കുന്നു.

1. Battery pack fit ചെയ്തിട്ടുള്ള electric vehicle ന് 5% നികുതിക്ക് അർഹതയുണ്ടോ?

Electrically operated vehicles എന്ന schedule 1 ലെ 242 A എന്ന entry പ്രകാരം "vehicles solely runs on electrical energy" എന്നതാണ്.

ഇവിടെ supply നടക്കുമ്പോൾ battery fit ചെയ്തിട്ടില്ലാത്ത വാഹനങ്ങളും പൂർണ്ണമായും പിന്നീട് fit ചെയ്യുന്ന battery യിൽ നിന്നുള്ള electricity ഉപയോഗിച്ചാണ് ഓടുന്നത്. ആയതിനാൽ ഇതും 242 A എന്ന entry യിൽ ഉൾപ്പെടുകയും 5% നികുതിക്ക് വിധേയവുമാണ്.

2. Sl. No.123 (I schedule) ൽ ഉൾപ്പെടാത്ത stone കൾ (Napa stone പോലുള്ളവ) mirror polished അല്ലെങ്കിൽ അവയും (minor polished) ആണെങ്കിൽ ആയതും ഇതേ serial നമ്പറിൽ ഉൾപ്പെടുന്നതും 5% നികുതി വിധേയവുമായിരിക്കും.

3. Fresh mangoes under concessional heading 0804, exempted ആണ് . Mangoes sliced and dried under 0804 എന്നത് 5% നികുതി വിധേയമാണ്. എന്നാൽ ഇവ ഒഴികെയുള്ള എല്ലാതരത്തിലുള്ള dried mangoes, (other than sliced and dried) including mango pulp 12% നികുതി വിധേയമായിരിക്കുമെന്ന് clarify ചെയ്തു.

4. Treated sewage water' Nil' rate of GST ക്ക് വിധേയമാണ്.

2201 എന്ന heading ന് കീഴിൽ വരുന്ന 'water' എന്നത് goods ന്റെ exempted notification ലെ Sl. No.99 പ്രകാരം നികുതി വിധേയമല്ല.

ഈ circular പ്രകാരം supply of treated sewage water falling under heading 2201 ഉം ഇത്തരത്തിൽ exempted ആണെന്ന് clarify ചെയ്യുന്നു. ഇതിനെ purified water sewage water എന്ന് Notification 7/2022 (Rate) Notification ൽ വിശേഷിപ്പിച്ചിരുന്നത് confusion ഉണ്ടാക്കിയതിനാൽ "purified" എന്ന പദം ഒഴിവാക്കിയിട്ടുണ്ട്.

5. Tobacco യുടെ ഉപയോഗം അവസാനിപ്പിക്കുന്നതിനുള്ള Nicotine polacrilex Gum ന്റെ നികുതി നിരക്ക് സംബന്ധിച്ച സംശയം ദൂരീകരിക്കുന്നതാണ് ഈ സർക്കുലർ.

ഇത് Tobacco യുടെ ഉപയോഗം ഇല്ലാതാക്കുന്നതിനായി Oral application നടത്തുന്നതായതിനാൽ, ഇതിന്റെ tobacco അടങ്ങിയ വസ്തുക്കളുടെ oral application ഉമായി ബന്ധപ്പെട്ട 24049100 എന്ന HSN Code ൽ ഉൾപ്പെടുത്തി 18 ശതമാനം നികുതി വിധേയമാക്കി. (Serial No. 26B of schedule III)

6. Fly Ash Bricks and aggregate –condition of 90% fly ash content applied only to fly ash aggregate and not to fly ash bricks.

5% Special Composition Scheme ൽ ഉൾപ്പെടുത്തിയിട്ടുള്ള Goods ൽ " fly ash Bricks or Fly Ash aggregates with 90% or more fly ash content" എന്ന description ൽ ഉള്ള entry അശയക്കുഴപ്പം ഉണ്ടാക്കിയ സാഹചര്യത്തിൽ " 90% or more fly ash content " എന്ന condition, fly ash aggregates ന് മാത്രമെ ബാധകമാകൂ എന്നും fly ash bricks നോ fly ash blocks ബാധകമല്ലെന്നും clarify ചെയ്തു.

7. Applicability of GST on by products of milling of Dal/Pulses such as Chilka, Khando and Churi

മേൽ പറഞ്ഞവയുടെ milling നടക്കുമ്പോൾ ലഭിക്കുന്ന by product കൾ ഉചിതമായി 2302 എന്ന ഹെഡ്ഡിങ്ങിനു കീഴിൽ Bran (തവിട്) Sharps, other residues weather or not in the form of Pellets എന്ന് classify ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ 2302 എന്ന heading നുകീഴിൽ applicable ആയിട്ടുള്ള GST rate കൾ താഴെ പറയുന്നവയാണ്.

Entry and notification No.	Description	GST Rate
S. No. 102 of notification No. 2/2017–Central Tax (Rate), dated the 28th June, 2017	Aquatic feed including shrimp feed and prawn feed, poultry feed & cattle feed, including grass, hay & straw, supplement & husk of pulses, concentrates & additives, wheat bran & de-oiled cake[other than rice bran]	Nil
S. No. 103A of Schedule- I of notification No. 1/2017–Central Tax (Rate), dated 28th June, 2017	Bran, sharps and other residues, whether or not in the form of pellets, derived from the sifting, milling or other working of cereals or of leguminous plants [other than aquatic feed including shrimp feed and prawn feed, poultry feed and cattle feed, including grass, hay and straw, supplement and husk of pulses, concentrates and additives, wheat bran and de-oiled cake]	5%
S. No. 103B of Schedule- I of notification No. 1/2017–Central Tax (Rate), dated 28th June, 2017	Rice bran (other than de-oiled rice bran)	5%

മേൽ വിവരിച്ച by-product കളിൽ GST യുടെ applicability, ഈ product കൾ നേരിട്ട് cattle feed ആയി consume ചെയ്യുമ്പോഴാണ്.

ഇതിൽ നിലവിൽ വരുന്ന ആശയക്കുഴപ്പം, ഇത്തരത്തിലുള്ള by- product കൾ നേരിട്ട് cattle feed ആയി ഉപയോഗിക്കുന്നതാണോ അല്ലയോ എന്നതാണ്. നേരിട്ട് cattle feed ആയി ഉപയോഗിക്കുമ്പോൾ അത് Notification 2/2017- CT(Rate) entry No. 102 പ്രകാരം exempted ഉം അല്ലാത്ത പക്ഷം അത് Notification 1/2017-CT (Rate) Schedule I ലെ entry 103A പ്രകാരം 5% taxable ഉം ആണ്.

മേൽ വിവരിച്ച ആശയക്കുഴപ്പം പരിഹരിക്കുന്നതിനായി clarification ആവശ്യമാണെന്ന് GST Council ശുപാർശ ചെയ്തതിന്റെ വെളിച്ചത്തിൽ ഇവിടെ ചർച്ച ചെയ്യപ്പെട്ട Dal/Pulses ന്റെ milling നടക്കുമ്പോൾ ലഭിക്കുന്ന by-product കളായ Chulka, Khanda, Churi എന്നിവ Schedule-1 ലെ serial No. 103A യിൽ ഉൾപ്പെടുത്തി 5% നികുതി വിധേയമായിരിക്കും. ഇതിൽ മുൻ കാലത്തെ നികുതി എങ്ങനെ പരിഗണിച്ചിരുന്നു , ആ രീതിയിൽ regularize ചെയ്യുന്നതാണ്.

Circular 180/2022 dated 09.09.2021

GST യിലേക്ക് migrate ചെയ്യുന്ന സമയത്ത് സംസ്ഥാന -കേന്ദ്ര സർക്കാരുകളിൽ നേരത്തെയുണ്ടായിരുന്ന input tax credit GST യിലേക്ക് transfer ചെയ്യുന്നതുമായിബന്ധപ്പെട്ട് ഫയൽ ചെയ്യേണ്ടിയിരുന്ന TRAN-1, TRAN-2 FORM കൾ ഫയൽ ചെയ്യേണ്ട കാലാവധി നേരത്തെ (27.12.2017) ൽ അവസാനിച്ചിരുന്നു. തുടർന്ന് filing initiate ചെയ്യുകയും എന്നാൽ പൂർത്തിയാക്കുവാൻ കഴിയാതിരിക്കുകയും

ചെയ്തിരുന്നവർക്ക് (Technical glitches കാരണം), അവ വീണ്ടും ഫയൽ ചെയ്യുന്നതിനായി സമയം നീട്ടി നല്കിയിരുന്നു.

തുടർന്ന് ഇതുമായി ബന്ധപ്പെട്ട പല SLP case കൾ ബഹുമാനപ്പെട്ട സുപ്രീം കോടതി മുൻപാകെ വരികയും , അതിൽ Uniform of India Vs M/s. Filco Trade Centre (p) Ltd. case പരിഗണിച്ചുകൊണ്ട്, 01.09.2022 മുതൽ 31.10.2022 വരെയുള്ള period ൽ ഏതെങ്കിലും assessee ക്ക് ഇത്തരം credit ലഭിക്കാത്തതായി പരാതിയുണ്ടെങ്കിലും നേരത്തെ ഫയൽ ചെയ്ത TRAN-1, TRAN-2 എന്നിവ revise ചെയ്യാനുള്ളവരുണ്ടെങ്കിൽ അവർക്കും, അത്തരക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതി മുൻപാകെ writ petition ഫയൽ ചെയ്തിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും , ഒരവസരം കൂടി നല്കുവാൻ ഉത്തരവായതിന്റെ വെളിച്ചത്തിലാണ്, ഈ circular issue ചെയ്തിട്ടുള്ളത്.

ഈ സമയം യാതൊരു വിധ technical glitches ഉം ഉണ്ടാവരുതെന്നും, ഇത്തരം claims ലഭിച്ചുകഴിഞ്ഞാൽ, ആയത് 90 ദിവസത്തിനകം process ചെയ്ത് ആവശ്യമെങ്കിൽ അപേക്ഷകന് reasonable opportunity നല്കി dispose ചെയ്യേണ്ടതാണ്. ഇങ്ങനെ allow ചെയ്യപ്പെടുന്ന credit അപേക്ഷകന്റെ electronic credit ledger ൽ reflect ചെയ്യേണ്ടതുണ്ടെന്നും നിർദ്ദേശിക്കപ്പെട്ടു. ഇതിനായി portal open ചെയ്യുന്നതിനുള്ള സമയം മറ്റുചില അപേക്ഷകൾ പരിഗണക്കവെ ബഹു. കോടതി നാല് ആഴ്ചത്തേക്കു കൂടി നീട്ടി നല്കി. ഇതിന്റെ വെളിച്ചത്തിൽ ഈ സർക്കുലർ വഴി TRAN-1, TRAN-2 എന്നിവ ഫയൽ ചെയ്യുന്നവർക്കും പഴയവ revise ചെയ്യുന്നവർക്കും താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നു.

1. അപേക്ഷകർക്ക് common portal ൽ FORM GST-TRAN-1/TRAN-2 revised TRAN-1/TRAN-2 എന്നിവ 01.10.2022 മുതൽ 30.11.2022 വരെ DSC ഉപയോഗിച്ചോ, EVC വഴിയോ submit ചെയ്യാവുന്നതാണ്.

Revised application file ചെയ്യുന്നവർക്ക് നേരത്തെ file ചെയ്ത application, download ചെയ്യുന്നതിനുള്ള സൗകര്യം common portal ൽ ഒരുക്കിയിട്ടുണ്ട്.

2. അപേക്ഷകൻ ഇത്തരത്തിലുള്ള അപേക്ഷയോടൊപ്പം ഈ സർക്കുലറിനോടൊപ്പം ചേത്തിരിക്കുന്ന annexure-A യിലുള്ള declaration, pdf ആയി upload ചെയ്യേണ്ടതാണ്.

Table 7A പ്രകാരം credit transfer document (CTD) ഉമായി ബന്ധപ്പെട്ട TRAN-1 claim ചെയ്യുന്നവർ,TRANS-3 യുടെ pdf copy common portal ൽ upload ചെയ്യേണ്ടതാണ്.

3) TRAN-1 ന്റെ table-5(b), 5(c) എന്നിവയിൽ അപേക്ഷ നൽകുമ്പോൾ ആയതുമായി ബന്ധപ്പെ C-Forms, F-Forms, H/I Forms തുടങ്ങിയവ Form GST-TRAN-1 ഫയൽ ചെയ്യുന്നതിനുള്ള അവസാന തീയതിയായ 27.12.2017 കഴിഞ്ഞ് issue ചെയ്തിട്ടുള്ളതാണെങ്കിൽ, അത്തരം claim അനുവദിക്കുന്നതല്ല. ഒരു applicant, Form GST TRAN-2 ലുള്ള claim ആണ് സമർപ്പിക്കുന്നതെങ്കിൽ Rule 117(4) b(iii) പ്രകാരം ഓരോ tax period wise ആയി claim ചെയ്യുന്നതിന് പകരം ഒരു consolidated claim നൽകിയാൽ മതിയാകും. ഇത്തരം case ൽ tax period എന്ന കോളത്തിൽ അവസാന മാസം കാണിച്ചാൽ മതിയാകും

Applicant TRAN-1/TRAN-2, Common portal ൽ file ചെയ്ത ശേഷം അതിനെ download ചെയ്ത് അതിന്റെ ഒരു self certified copy യും annuxure-A യും TRANS-3 യുടെ copy യും (ആവശ്യമെങ്കിൽ) ചേർത്ത് TRAN-1,/TRAN-2 declaration file ചെയ്ത് 7 ദിവസത്തിനകം jurisdictional officer മുമ്പാകെ സമർപ്പിക്കേണ്ടതാണ്. Applicant ന്റെ കൈവശം ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും ആയത് concerned officer ആവശ്യപ്പെട്ടാൽ നൽകുന്നതിലേക്കായി തയ്യാറാക്കിവക്കേണ്ടതാണ്.

Common portal ൽ TRAN-1/TRAN-2 revised TRAN-1/TRAN-2 എന്നിവ 01.10.2022 മുതൽ 30.11.2022 വരെ ഫയൽ ചെയ്യുന്നതിനായി ലഭിക്കുന്നത് ഒരു one time opportunity ആണ്. ആയതിനാൽ ഒരോ applicant ഉം ശ്രദ്ധയോടെ application file ചെയ്യുകയും file ചെയ്യുന്നതിനു മുമ്പായി വ്യക്തമായി പരിശോധിക്കേണ്ടതുമാണ്.

ആയതിനാൽ, ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ TRAN-1 ലോ TRAN-2 ലോ വരുത്തണമെങ്കിൽ അത് "submit" button ക്ലിക്ക് ചെയ്യുന്നതിന് മുൻപായിരിക്കണം. Submit button ക്ലിക്ക് ചെയ്താൽ അത് freeze ചെയ്യപ്പെടുകയും , തുടർന്ന് file button വഴി DSC യോ EVC യോ ഉപയോഗിച്ച് filing process മാത്രമെ സാധ്യമാകൂ.

NO CHANGES ALLOWED AFTER CLICKING "SUBMIT"

കൂടാതെ നേരത്തെ തന്നെ TRAN-1,TRAN-2 applications ശരിയായ രീതിയിൽ ഫയൽ ചെയ്തവർക്ക് അത് revise ചെയ്യേണ്ട ആവശ്യമില്ല.

നേരത്തെ TRAN-1/TRAN-2 ഫയൽ ചെയ്യുകയും ആയത് പൂർണ്ണമായോ ഭാഗീകമായോ reject ചെയ്യപ്പെട്ടവർക്കും ഈ സൗകര്യം ലഭ്യമല്ല. ഇത്തരക്കാര് appeal file ചെയ്യുക എന്നതാണ് remedy.

ഇത്തരത്തിലുള്ള ഏതെങ്കിലും case ൽ appeal pending ആണെങ്കിൽ, ആയതിന് ആവശ്യമായ പരിഹാരം അപ്പലേറ്റ അതോറിറ്റിയിൽ നിന്നും ലഭിക്കുന്നതാണ്. ഇത്തരക്കാർക്ക് ഈ സർക്കുലർ പ്രകാരമുള്ള benefit അനുവദനീയമല്ല.

ഇത്തരത്തിൽ ഫയൽ ചെയ്യുന്ന TRAN-1/TRAN-2(Application or revised application) ബന്ധപ്പെട്ട ഓഫീസർമാർ പരിശോധിച്ച ശേഷം , Jurisdictional Tax Officer ആയതിന്റെ merit പ്രകാരം, applicants ന് hearing opportunity കൊടുത്തുകൊണ്ട് dispose ചെയ്യുന്നതായിരിക്കും. Jurisdictional Tax Officer അനുവദിക്കുന്ന Tran Credit, Credit Ledger ൽ reflect ചെയ്യുന്നതായിരിക്കും.

ജി.എസ്സ്. ടി യുമായി ബന്ധപ്പെട്ട സാങ്കേതിക സംവിധാനങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ

ഇക്കഴിഞ്ഞ മാസം GST Portal-ൽ വന്നിട്ടുള്ള മാറ്റങ്ങളെപ്പറ്റി ശ്രീ മനീഷ് (ASTO) താഴെ പറയും പ്രകാരം വിശദീകരിക്കുകയുണ്ടായി.

സെൻട്രൽ ടാക്സ് നോട്ടിഫിക്കേഷൻ 14/22 dated 05/07/2022 പ്രകാരം ആഗസ്റ്റ് മാസം മുതൽ ഫയൽ ചെയ്യപ്പെടുന്ന 3B റിട്ടേണുകളിൽ വന്ന മാറ്റങ്ങളെക്കുറിച്ച് വിശദീകരിക്കുകയും പ്രസ്തുത മാറ്റങ്ങൾക്കനുസൃതമായി റിട്ടേൺ ഫയലിംഗ് മോഡ്യൂളിൽ മാറ്റങ്ങൾ വന്നിട്ടുള്ളതായി അറിയിക്കുകയും , പുതുതായി വന്നിട്ടുള്ള Field - കളെ സംബന്ധിച്ച് ലഘുവായി വിവരിക്കുകയും ചെയ്തു.

ഇ-ഇൻവോയിസിംഗ് നടപ്പിൽ വരുന്നതിൻെറ 5ാം ഘട്ടം എന്ന നിലക്ക്, ഏതെങ്കിലും മുൻസാമ്പത്തിക വർഷങ്ങളിൽ 10 കോടിക്ക് മുകളിൽ വാർഷിക മൊത്ത വരുമാനം (Annual Aggregate turnover) ഉള്ള വ്യാപാരികൾക്ക്, ഇ-ഇൻവോയിസിംഗ്, 2022 ഒക്ടോബർ മാസം 1-ാം തീയതി മുതൽ നിർബന്ധിതമാക്കിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള Central Tax Notification 17/22 dated : 01/08/2022 ൻെറ സാഹചര്യത്തിൽ മുൻകൂട്ടി പ്രസ്തുത സാങ്കേതിക സംവിധാനത്തെ ഉൾക്കൊണ്ടുകൊള്ളുവാൻ വേണ്ട തയ്യാറെടുപ്പുകളെപ്പറ്റി

വിശദീകരിക്കുകയുണ്ടായി. വിശദമായ ഒരു Webinar ഈ വിഷയത്തിൽ Central Tax Authorities, 2022 സെപ്റ്റംബർ 23 ന് നടത്തുന്നുണ്ടന്നുള്ള വിവരം പ്രതിനിധികളെ അറിയിക്കുകയും അതിൽ പങ്കെടുക്കുവാനാവശ്യമായ Online Link അയച്ചുകൊടുക്കുകയുമുണ്ടായി.

കൂടാതെ, അതിനെ തുടർന്ന് വീണ്ടും ആവശ്യമെങ്കിൽ ഒരു Online Class ഇതിലേക്കായി സംഘടിപ്പിക്കുന്നതാണ് എന്നും ഉറപ്പ് നൽകുകയുണ്ടായി.

ഇ - ഇൻവോയിസ് ബാധ്യത വരുന്നവർക്ക് അത് ചെയ്യാതിരുന്നാൽ, അത്തരം ഇൻവായിസുകളെ ഒരു നിയമപ്രകാരമുള്ള രേഖയായി പരിഗണിക്കില്ല എന്നും ആകയാൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും വിവരിക്കുകയുണ്ടായി.

KSGST/CGST ചട്ടം 10A പ്രകാരം, പുതിയതായി രജിസ്ട്രേഷൻ എടുത്തിട്ടുള്ള എല്ലാ Taxpayers ഉം രജിസ്ട്രേഷൻ ലഭ്യമായി 45 ദിവസത്തിനുള്ളിലോ, തന്മാസത്തെ റിട്ടേൺ ഫയൽ ചെയ്യേണ്ട due date ഓ ഇവയിൽ ഏത് തീയതി ആണോ ആദ്യം വരുന്നത് അതിന് മുൻപ് തന്നെ പ്രസ്തുത വ്യക്തി /സ്ഥാപനത്തിൻറെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ രജിസ്ട്രേഷൻ വിവരങ്ങളിൽ കൂട്ടി ചേർക്കാൻ ബാധ്യസ്ഥരാണ് . അല്ലാത്തപക്ഷം പ്രസ്തുത തീയതിക്കുശേഷം Taxpayer ന് "Amendment of Non-Core Field ഒഴികെ" GST ലോഗിനുള്ളിൽ സാങ്കേതികമായി ഒരു സേവനങ്ങളും ലഭ്യമാകുന്നതല്ല. എന്നാൽ അത്തരം സാഹചര്യങ്ങളിൽ, ഏതെങ്കിലും വിധത്തിൽ Core Field Amend ആവശ്യമായി വരുകയാണെങ്കിൽ അത്തരം മാറ്റങ്ങൾ ചെയ്യുവാൻ സൗകര്യം നിലവിൽ വന്നിട്ടുണ്ട്. ഇതിനു മുൻപ് ഇത് ചെയ്യുവാൻ സാങ്കേതികമായി Common Portal - ൽ സൗകര്യം ഉണ്ടായിരുന്നില്ല.

ചർച്ചകൾക്കും, സംശയനിവാരണങ്ങൾക്കും ശേഷം യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും യോഗം 3.30 ന് അവസാനിക്കുകയും ചെയ്തു.

Sd/-

സംസ്ഥാന നികുതി ജോയിന്റ് കമ്മീഷണർ

തിരുവനന്തപുരം

പകർപ്പ്:

കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.

അഡീഷണൽ കമ്മീഷണർ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.

1. ശ്രീമതി ഗായത്രി പി. ജി - നോർത്ത് ഡെപ്യൂട്ടി കമ്മീഷണർ, സെൻട്രൽ ജി. എസ്. റ്റി
2. ശ്രീമതി ലെന എസ്സ് - ഡെപ്യൂട്ടി കമ്മീഷണർ , തിരുവനന്തപുരം
3. ശ്രീ. സജിത്ത് പി.എസ്സ് -ഡെപ്യൂട്ടി കമ്മീഷണർ ,സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം
4. ശ്രീമതി വീണ എ. ബി- ഡെപ്യൂട്ടി കമ്മിഷണർ, സ്പെഷ്യൽ സർക്കിൾ , തിരുവനന്തപുരം.
5. ശ്രീ. സുർജിത്ത് സി.കെ- ഡെപ്യൂട്ടി കമ്മീഷണർ , ഇൻറലിജൻസ്, തിരുവനന്തപുരം
6. ശ്രീ. മനു. ബി. -ഡെപ്യൂട്ടി കമ്മീഷണർ ,ഡി സി ഓഫീസ് നെയ്യാറ്റിൻകര

7. ശ്രീ. അജിൽ കുമാർ –സ്റ്റേറ്റ് ടാക്സ് ഓഫീസർ, ഇൻറേണൽ ആഡിറ്റ് , തിരുവനന്തപുരം

8. ശ്രീ. മനേഷ് വി.കെ. – അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ

9. ശ്രീ. വിജയൻ ആചാരി – കേരള ടാക്സ് പ്രാക്ടീഷനേഴ്സ് അസോസിയേഷൻ

10. ശ്രീ. വിജയൻ. വൈ – കേരള വ്യാപാരി വ്യവസായി ഏകോപനസമിതി

11. ശ്രീ ഫസ്സലുദ്ദീൻ തോപ്പിൽ – ദ കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ

12. ശ്രീ കെ.ജെ. സെബാസ്റ്റ്യൻ – കേരള സിമന്റ് ഡീലേഴ്സ് അസോസിയേഷൻ

13. ശ്രീ മഹേഷ് തയ്യൂർ – ആൾ കേരള ടാക്സ് പ്രാക്ടീഷനേഴ്സ് അസോസിയേഷൻ

14. ശ്രീ വി.കെ വർഗ്ഗീസ്– ദ കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ

15. ശ്രീ രോഹിത്ത് നായർ – ആൾ കേരള ടൈൽസ് ആൻഡ് സാനിട്ടറി വെയർ ഡീലേഴ്സ് അസോസിയേഷൻ

16. ശ്രീ കൃഷ്ണകുമാർ – ആൾ കേരള ഡിസ്ട്രിബ്യൂട്ടർ അസോസിയഷൻസ്

17. ശ്രീ പനങ്ങോട്ടുകോണം വിജയൻ – വ്യാപാരി വ്യവസായി കോൺഗ്രസ്

കുറിപ്പ് (നിരാകരണം):– മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിശദീകരണങ്ങൾ വിജ്ഞാന ലക്ഷ്യത്തോടെയുള്ളതാണ് . ആയതിൽ പരമാവധി കൃത്യത വരുത്തിയിട്ടുള്ളതാണ്. എന്നിരുന്നാലും ആയതിലെ നികുതി നിരക്കുകൾ മറ്റ് വിവരങ്ങൾ എന്നിവ ഉപയോഗിക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട ആധികാരിക രേഖകൾ ആയ നോട്ടിഫിക്കേഷനുകൾ സർക്കുലറുകൾ എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ് .